(സി)

(1) പത്താംതരത്തിലെ പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു;

(2) പാഠപുസ്തകത്തോടൊപ്പം ക്ളാസ്റും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു സഹായകമായ അധ്യാപകസഹായികൾ തയ്യാറാക്കുന്നതാണ്;

(3) സെക്കണ്ടറി തലത്തിലേയും ഹയർസെക്കണ്ടറി തലത്തിലേയും മുഴുവൻ അധ്യാപകരേയും പരിശീലിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു.

(ഡി) ഉണ്ട്. അധ്യാപക പരിശീലനത്തിന്റെ മികവുകളും പരിമിതികളും സംബന്ധിച്ച് പഠനം നടത്തിയതിന്റെ റിപ്പോർട്ട് പരിഗണിച്ച് പരിശീലനത്തിനു ശേഷം അധ്യാപകർ ക്ളാസ് റും പ്രവർത്തനത്തിൽ വരുത്തിയ മെച്ചപ്പെടുത്തൽ കണ്ടെത്തുന്നതിന് ഗവേഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

**പ്രത്യേകം പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ**

11 (*551) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എം. ഹംസ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാലയങ്ങളിലെ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കായി എന്തെല്ലാം സൗകര്യങ്ങലാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) എത്ര സ്ക്കൂളുകളെ മോഡൽ ഇൻക്ളൂസീവ് സ്ക്കൂളുകളായി മാറ്റിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) എത്ര വിദ്യാലയങ്ങളിൽ റിസോഴ്സ് സെന്ററുകളും റിസോഴ്സ് മുറികളും തയ്യാറാക്കിയിട്ടുണ്ട് ;

(ഡി) രക്ഷകർത്താക്കൾക്കും പ്രധാനാധ്യാപകർക്കും റിസോഴ്സ് അധ്യാപകർക്കും പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലനം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) ഈ പദ്ധതികൾക്കായി നടപ്പു വർഷം എത്രകോടി രൂപ നീക്കി വച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കൽ, സാമ്പത്തികാനുകൂല്യങ്ങൾ നൽകൽ, വൈദ്യപരിശോധന ക്യാമ്പുകൾ സംഘടിപ്പിക്കൽ, റിസോഴ്സ് മുറികൾ സജ്ജമാക്കൽ, റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കൽ, സ്കൂൾ കെട്ടിടങ്ങളിലെ വാസ്തുശിൽപ്പപരമായ തടസ്സങ്ങൾ നീക്കം ചെയ്യൽ, രക്ഷകർത്താക്കൾക്കായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ, പ്രധാനാദ്ധ്യാപകർക്കും റിസോഴ്സ് അദ്ധ്യാപകർക്കുമുള്ള പരിശീലനം, സ്കൂളുകളിൽ തെറാപ്യൂട്ടിക് സെന്ററുകൾ, ഓഡിയോവിഷ്വൽ പഠനോപകരണങ്ങൾ എന്നിവ സജ്ജമാക്കൽ, ട്രെയ്നിംഗ് സെന്ററുകളുടെ ശാക്തീകരണം, സഹായോപകരണങ്ങൾക്കുള്ള സാമ്പത്തിക സഹായം എന്നീ സൗകര്യങ്ങളാണ് പൊതുവിദ്യാലയങ്ങളിലെ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) 2009-10 വർഷം, 8 ഗവൺമെന്റ് ഹൈസ്കൂളുകളെ മോഡൽ ഇൻക്ലൂസീവ് സ്കൂളായി മാറ്റുന്നതിന് തുക അനുവദിച്ചിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) സംസ്ഥാനത്ത് 9 വിദ്യാലയങ്ങളിൽ റിസോഴ്സ് സെന്ററുകളും 42 വിദ്യാലയങ്ങളിൽ റിസോഴ്സ് മുറികളും തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. സംയോജിത വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ പ്രധാനാദ്ധ്യാപകർക്കും ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ റിസോഴ്സ് അദ്ധ്യാപകർക്കും രക്ഷകർത്താക്കൾക്കും പരിശീലനം നൽകിവരുന്നുണ്ട്.

(ഇ) സംയോജിത വിദ്യാഭ്യാസ പദ്ധതി (ഐ.ഇ.ഡി.എസ്.എസ്) ക്കായി നടപ്പുവർഷം 25.72 കോടി രൂപ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്. കൂടാതെ എസ്. എസ്.എ പദ്ധതിയിൽ 28.16 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ പുതിയ എഞ്ചിനീയറിംഗ് കോളേജുകളുടെ പിന്നോക്കാവസ്ഥ**

12 (*552) ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പുതിയ എഞ്ചിനിയറിംഗ് കോളേജുകൾ ഇപ്പോഴും പിന്നോക്കാവസ്ഥയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly